പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1817 10.02.2020-ലെ മറുപടിക്ക്

**കണ്ടക്ടർമാർക്ക് ഇ.ടി.എം.**

ചോദ്യം — മറുപടി

ശ്രീ.സി.മമ്മൂട്ടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിൽ ഏറ്റവും പ്രാധാന്യമുള്ള തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിലെ കണ്ടക്ടർമാർക്ക് ആവശ്യമായ ചാർജ്ജോടുകൂടിയ ഇ.ടി.എം. ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നു വർഷം വാറണ്ടിയോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ M/s. Quantum Aeon Power System എന്ന കമ്പനിയിൽ നിന്നാണ് വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി അവസാനിച്ചതിനുശേഷം നിലവിൽ പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ ടി കമ്പനിയിൽ നിന്നുള്ള സേവനങ്ങൾ നിലവിൽ ലഭ്യമല്ല. |
| (ബി) | ഇത്തരം ഏണിംഗ് സ്റ്റാഫുകളെ ദീർഘദൂര ഡ്യൂട്ടിക്കായി അയക്കുമ്പോൾ അവർക്ക് അടിസ്ഥാനമായി ജോലി നോക്കുന്നതിനാവശ്യമായ പ്രവർത്തനക്ഷമതയുള്ള ഇ.ടി.എം. ലഭ്യമാക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകളും മാനസിക സംഘർഷവും ഗൗരമായി കാണുമോ; വ്യക്തമാക്കുമോ; | (ബി) | കാണുന്നുണ്ട്. പുതിയ ഇ.ടി.എമ്മുകൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ടി ഇ.ടി.എം ഉപയോഗിക്കുന്നതു വഴി കണ്ടക്ടർ വിഭാഗത്തിന്റെ ജോലി ഭാരം കുറയുകയും ടിക്കറ്റ് വിതരണം കൂടുതൽ സുഗമമായി നടക്കുകയും ചെയ്യും. |
| (സി) | ഇത്തരം മെഷീനുകൾ കേടാവുകയാണെങ്കിൽ അവ നന്നാക്കുന്നതിന് ഡിപ്പോ അധികാരികൾ തയ്യാറാകുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഇ.ടി.എമ്മുകളുടെ കേടുപാടുകൾ പരിഹരിക്കുവാൻ ഡിപ്പോതലത്തിൽ സാധിക്കുകയില്ല. ഇതിന്റെ അറ്റകുറ്റ പണികൾ നടത്തിയിരുന്നത് ഇ.ടി.എം ദാതാവായ കമ്പനി നേരിട്ടാണ്. നിലവിൽ ടി കമ്പനിയുമായി എഗ്രിമെന്റ് ഇല്ലാത്തതിനാലും, സ്പെയർ പാർട്സുകൾ ലഭ്യമല്ലാത്തതിനാലും അറ്റകുറ്റപണികൾ ചെയ്യുന്നില്ല. |

**സെക്ഷൻ ഓഫീസർ**